# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1496** **06-03-2020-ൽ**
മറുപടി നൽകേണ്ടത്

## വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. സജി ചെറിയാൻ** | : | **ഡോ. കെ .ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)** |

| | | |
|---|---|---|
| ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും പഠന വൈകല്യത്തിന്റെ പ്രധാന കാരണങ്ങൾ കണ്ടെത്തുന്നതിനും ലഹരി വസ്തുക്കളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | | വിദ്യാർത്ഥികളിലുണ്ടാവുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവർക്ക് ജീവിത പ്രശ്നങ്ങൾ നേരിടുന്നതിന് യഥാസമയം മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുമായി ഉന്നത വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് **ജീവനി.** പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 67 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ ജീവനി വെൽ ബീയിങ്ങ് സെന്ററുകൾ ആരംഭിക്കുകയും വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ യഥാസമയം കണ്ടെത്തി കൗൺസലിങ് നൽകുന്നതിനായി സൈക്കോളജി ബിരുദ/ബിരുദാനന്തര ഉദ്യോഗാർത്ഥികളെ ജീവനി അപ്രന്റീസുമാരായി താൽക്കാലികമായി നിയോഗിക്കുകയും ചെയ്തിട്ടുമുണ്ട്. ഇതിലൂടെ വിദ്യാർത്ഥികളുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്.<br><br>പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി സമയബന്ധിതമായി ക്ലാസുകൾ നൽകുന്ന |

തിനും അവരെ സർവ്വകലാശാല പരീക്ഷയ്ക്ക് തയ്യാറാക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് **സ്റ്റുഡന്റ് സപ്പോർട്ട് പ്രോഗ്രാം.** പ്രസ്തുത പദ്ധതി നിലവിൽ കേരളത്തിലെ 63 സർക്കാർ കോളേജുകളിലും 151 എയ്ഡഡ് കോളേജുകളിലും നടത്തി വരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനായും പഠന വൈകല്യമുള്ള വർക്ക് ആയതിന് പരിഹാരമുണ്ടാക്കുന്നതിനും ആവശ്യമായ കൗൺസലിങ് നൽകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. വകുപ്പിന് കീഴിലെ സർക്കാർ/ എയ്ഡഡ് എഞ്ചിനീയറിങ് കോളേജുകളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും മറ്റ് ഡോക്ടർമാരുടെയും സേവനം ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്.

വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന് കോളേജുകളിൽ ലഹരിവിരുദ്ധ ക്യാമ്പുകളും, സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും എക്സൈസ് വകുപ്പുമായി ചേർന്ന് നടത്തുന്നുണ്ട്.

എല്ലാ എഞ്ചിനീയറിംഗ്/പോളിടെക്ക്നിക് കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകൾ മുഖേന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തി വരികയും, കോളേജുകളിൽ NSS (നാഷണൽ സർവ്വീസ് സ്കീം) എൻ.സി.സി തുടങ്ങിയവയുടെ സഹകരണത്തോടെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ ആഭിമുഖ്യത്തിൽ **'വിമുക്തി'** പദ്ധതിയും നടപ്പിലാക്കി വരുന്നു. കൂടാതെ വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും HRD സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| | | യുവാക്കളിൽ ലഹരിവിരുദ്ധ സന്ദേശം എത്തിക്കുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നേതൃത്വത്തിൽ 'ദി ട്രിപ്പ്' എന്ന പേരിൽ ഒരു ഫീച്ചർ ഫിലിം നിർമ്മിച്ച് പ്രദർശനം നടത്തി വരുന്നു.<br><br>കേരള സർവ്വകലാശാലയിൽ എല്ലാ പഠന വകുപ്പുകളിലും സർവ്വകലാശാല ഹെൽത്ത് സെന്ററിന്റെ ആഭിമുഖ്യത്തിൽ ലഹരിവിമുക്ത ക്ലാസുകൾ നടത്തുന്നു. വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിന് ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെ ഉപയോഗിച്ച് പഠന വകുപ്പുകളിലും ഹോസ്റ്റലുകളിലും ക്ലാസ്സുകൾ നടത്തുന്നുണ്ട്. എൻ.എസ്.എസ് എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരിവിമുക്ത കാമ്പയിന്റെ ഭാഗമായി സ്കിറ്റ്, സ്ക്രീൻ പ്ലേ മത്സരം, ലഘുചലചിത്ര മത്സരം എന്നിവ നടത്തുകയും ചെയ്യുന്നു.<br><br>മറ്റ് സർവ്വകലാശാല കാമ്പസ്സുകളിലും സമാനമായ പരിപാടികൾ നടത്തപ്പെട്ടുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**